# ജില്ലാ പി.ആർ.എം

05/03/2018

## സ്ഥലം- എസ്.സി.എം സ്റ്റുഡൻസ് സെന്റർ പട്ടം

05/03/2018 ന് 10.30 ന് പട്ടം എസ്.സി.എം സ്റ്റുഡൻസ് സെന്റർ ഹാളിൽ വച്ച് ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ അധ്യക്ഷതയിൽ പി.ആർ.എം ആരംഭിച്ചു. അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, ജില്ല പ്രോഗ്രാം മനേജർമാർ, ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, ജില്ലയിൽ നിന്നുള്ള 79 ചെയർപേർസൺമാരും, അക്കൗണ്ടന്റുമാരും പങ്കെടുത്തു. എന്നാൽ അണ്ടൂർക്കോണം, നെടുമങ്ങാട് നഗരസഭ I, II, എന്നിവിടങ്ങളിലെ ചെയർപേർസൺമാരും ചെറുന്നിയൂർ, പനവൂർ, കാരോട് ഉഴമലയ്ക്കൽ എന്നിവിടങ്ങളിലെ അക്കൗണ്ടന്റുമാരും പി.ആർ.എം ൽ പങ്കെടുത്തില്ല.

തുടർന്ന് സംഘടന മൈക്രോഫിനാൻസ് സംവിധാനത്തിന്റെ എ.ഡി.എം.സി ആയ ശ്രീ സിയാദ് സംസാരിച്ചു. സി.ഡി.എസ്. മീറ്റിംഗുകൾ നടത്തിയതിന്റെ മിനിട്ട്സ് തയ്യാറാക്കി ജില്ലാമിഷനിലേക്ക് അയക്കണം എന്ന നിർദ്ദേശം കൊടുത്തു. എ.ഡി.എസ് മിനിറ്റ്സ് സി.ഡി.എസിൽ സൂക്ഷിക്കണം എന്നും ചെയർപേർസണും, വൈസ് ചെയർപേർസണും ഫീൽഡിൽ പോയി പ്രശ്നങ്ങൾ മനസ്സിലാക്കണമെന്നും നിർദ്ദേശിച്ചു. മിറ്റിംഗിൽ അറ്റൻഡൻസ്, ടൈമിംഗ്, എന്നിവ പ്രത്യേകം രേഖപ്പെടുത്തണം എന്നും നിർദ്ദേശിച്ചു. കുടുംബശ്രീ എം.ഐ.എസ് പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. എൻ.ആർ.എൽ.എം എം.ഐ.എസ് പ്രൊഫൈൽ ക്രിയേഷൻ പൂർത്തീകരിക്കണം, പൂർത്തികരിക്കാത്തവർക്ക് മാർച്ച് 10 വരെ തീയതി നീട്ടി കൊടുത്തു. റ്റി.ബി.എം.ഐ.എസ് ആകെ അയൽക്കൂട്ടങ്ങളുടെ 50% 2018 മാർച്ച് 31ന് തീർക്കണം ഇതിനായി നിയമിച്ച ആർ.പിമാർക്ക് പ്രവർത്തിക്കാൻ താല്പര്യമില്ലെങ്കിൽ പകരം ആളിനെ എടുക്കാനുള്ള നടപടികൾ 3 ദിവസത്തിനകം പൂർത്തികരിക്കാനും നിർദ്ദേശിച്ചു. അയൽക്കൂട്ടങ്ങളുടെ ആഡിറ്റ് സമയപ്പട്ടിക അനുസരിച്ച് സമയബന്ധിതമായി തീർക്കണമെന്നറിയിച്ചു. ഏപ്രിൽ 5 മുതൽ 2017-18-ലെ സി.ഡി.എസ്സുകളുടേയും ആഡിറ്റ് ആരംഭിച്ച് ഏപ്രിൽ 20 ന് പൂർത്തികരിക്കാൻ അറിയിച്ചു. മാഗസീൻ എല്ലാ അയൽക്കൂട്ടങ്ങളും വാങ്ങണമെന്ന് നിർദ്ദേശവും നൽകി.

സംഘടനാ, മൈക്രോഫിനാൻസ് സംവിധാനത്തിന്റെ പ്രോഗ്രാം മാനേജർ ശ്രീമതി നീതു മൈക്രോഫിനാൻസ് സംബന്ധമായ സംശയങ്ങൾക്ക് മറുപടി കൊടുത്തു. 1456- എൻ.എച്ച്.ജികൾ ലിങ്കേജ് ചെയ്യാൻ ടാർഗറ്റ് ഉണ്ടെന്ന കാര്യം അറിയിച്ചു. SBI,

UCO, SYNDICATE, UNION BANK, എന്നിവയിൽ നിന്ന് ലോണെടുക്കാതെയുണ്ടെങ്കിൽ അതിനു വേണ്ട നടപടികൾ ചെയ്യാൻ ഡി.പി.എം നിർദ്ദേശിച്ചു.

തുടർന്ന് 2.00 pm മുതൽ എം.കെ.എസ്.പി, ഡി.ഡി.യു.ജി.കെ.വൈ- എ.ഡി.എം.സി ജ്യോതി.കെ നായർ അവരുടെ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരെ പരിചയപ്പെടുത്തി. ഭക്ഷ്യസുരക്ഷ, കൃഷി സ്വയം പര്യാപ്തത നേടുക എന്നതിനെക്കുറിച്ച് പറഞ്ഞു. തുടർന്ന് ഡി.പി.എം പാഷൻഫ്രൂട്ട് കൃഷിയെക്കുറിച്ചും അതിന്റെ കൃഷിയുടെ പ്രധാന്യത്തെക്കുറിച്ചും മനസ്സിലാക്കികൊടുത്തു. ഒരു അയൽക്കൂട്ടത്തിന് ഒരു ജെ.എൽ.ജി എന്ന ടാർഗറ്റ് കൊടുത്തു കേരള ചിക്കൻ, കെപ്കോയുമായി സഹകരിച്ച് തുടങ്ങുകയാണെന്നും ഒരു പഞ്ചായത്തിൽ ഒരു യൂണിറ്റ് തുടങ്ങണമെന്നും പറഞ്ഞു. ഒരു പഞ്ചായത്തിൽ ഒരു പ്ലാന്റ് നഴ്സറി തുടങ്ങണം എന്നും നിർദ്ദേശിച്ചു.

തുടർന്ന് ഡി.ഡി.യു.ജി.കെ.വൈ.യെക്കുറിച്ച് ഡി.പി.എം രോഹിണി സംസാരിച്ചു. പാഥേയം എസ്.സി ലിസ്റ്റ് ചെയർ പേർസൺന്റെ ഒപ്പില്ലാതെ വന്നതൊന്നും അംഗീകരിക്കില്ലെന്നു പറഞ്ഞു. ഇതിൽ പഴയകുന്നുമ്മേൽ, കരവാരം, പുളിമാത്ത്, മടവൂർ, കല്ലറ, വെള്ളറട, നന്ദിയോട്, കഠിനംകുളം, മാറനല്ലൂർ, അതിയന്നൂർ, മുദാക്കൽ, കിഴുവിലം, അഞ്ചുതെങ്ങ്, പുവച്ചൽ, പനവൂർ എന്നിവർ ഉൾപ്പെടും. ഈ സി.ഡി.എസുകൾക്ക് അങ്ങനെയൊരു നിർദ്ദേശം ലഭിച്ചിട്ടില്ല എന്ന് ചെയർപേർസനും, അക്കൗണ്ടന്റും മറുപടി പറഞ്ഞു.

തുടർന്ന് എം.ഇയുടെ ഡിപിഎം ഷൈജു സംസാരിച്ചു. സി.ഡി.എസുകളിൽ ഒരു ഷെൽഫ് ക്രമീകരിച്ച് എം.ഇ ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള സൗകര്യം ഉണ്ടാക്കണം എന്നാവശ്യപ്പെട്ടു.

മാർച്ച് 15 നു കുടുംബശ്രീ പഞ്ചായത്തിനു നൽകിയ പ്രോജക്ടുകളുടെ വിവരങ്ങൾ ജില്ലാമിഷനിൽ അറിയിക്കണം എന്നും എത്ര രൂപ വച്ചു എന്നും അറിയിക്കണം.

തുടർന്ന് സംഘടനാ എ.ഡി.എം.സി മാതൃകപരമായ സേവനങ്ങൾ എന്തൊക്കെയാണ് അയൽക്കൂട്ടം വഴി ചെയ്യുന്നത് എന്ന് ഓരോ സി.ഡി.എസും റിപ്പോർട്ട് ചെയ്യണമെന്നും ചെയർപേർസൺ, വൈസ് ചെയർപേർസൺമാർക്ക് ജില്ലാ മിഷനും സംസ്ഥാന മിഷനും പരിശീലനം നൽകുമെന്നും അറിയിച്ചു.

തുടർന്ന് രാജസ്ഥാൻ സന്ദർശത്തിന് പോയിവന്ന മുൻ ചെയർപേർസണായ ശ്രീമതി വിനോദിനി രാജസ്ഥാൻ സന്ദർശനാനുഭവം പങ്കുവച്ചു. ശേഷം സാമൂഹികവികസന മേഖലയിലെ ജില്ലാ പ്രോഗ്രാം മാനേജറായ കിരൺ സംസാരിച്ചു.

ബാലസഭയിലെ പെന്റിങ്ങുള്ള കാര്യങ്ങൾ അവതരിപ്പിച്ചു. നാടറിയാൻ നാടിനെ അറിയാൻ എന്ന പുസ്തകം തയ്യാറാക്കി നൽകാനുള്ളവർ എത്രയും വേഗം എത്തിക്കണം എന്ന് നിർദ്ദേശിച്ചു.

അഗതി രഹിത കേരളം സർവ്വെ തീർക്കാത്ത പഞ്ചായത്തുകൾ രണ്ടു ദിവസത്തിനകം തീർക്കാനും നിർദ്ദേശിച്ചു. കഠിനംകുളം, മാറനല്ലൂർ, ബാലരാമപുരം, എന്നീ സി.ഡി.എസുകൾക്ക് പ്രത്യേകമായി നിർദ്ദേശം കൊടുത്തു. ഫോട്ടോ മാറ്റി മാനദണ്ഡങ്ങൾക്കനുസരിച്ചുള്ളത് അപ് ലോഡ് ചെയ്യണം.

3.00 pm മുതൽ പട്ടികവർഗ്ഗ വികസനത്തിന്റെ ഡി.പി.എം രജിത സംസാരിച്ചു. പലയിടങ്ങളിലായി താമസിക്കുന്ന എസ്.റ്റിക്കാരുടെ എം.എൽ.പി എടുക്കാൻ തീരുമാനിച്ചിരിക്കുന്നു. ട്രൈബൽ എൻ.എച്ച്.ജി, ജെ.എൽ.ജി ഡിറ്റേൽസ് ചെയ്യാനുള്ളത് സ്പ്രഡ് ഷീറ്റ് ഇട്ടത് കംപ്ലീറ്റ് ചെയ്യാനും ആവശ്യപ്പെട്ടു. സംരംഭങ്ങൾ തുടങ്ങാൻ അവരെ തയ്യാറെടുപ്പിക്കാൻ നിർദ്ദേശം നൽകി.

3.40 pm മുതൽ ജെൻഡറിന്റെ ഡി.പി.എം. സ്വാതി സംസാരിച്ചു. നീതം ക്യാപയിനിന്റെ കാര്യവും റിപ്പോർട്ട് ബില്ല് തരുമ്പോൾ കൂടെ തരണമെന്നും ആവശ്യപ്പെട്ടു. മാർച്ച് 8 വനിതാ ദിനത്തോടനുബന്ധിച്ച് ജെൻഡറിന്റെ ജില്ലാ തല പ്രോഗ്രാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയേഴ്സ് ഹാൾ കനകക്കുന്നിൽ വച്ച് നടത്താൻ തീരുമാനിച്ച വിവരം അറിയിച്ചു വൾനറബിലിറ്റി മാപ്പിംഗ് റിപ്പോർട്ട് എഴുതി പൂർത്തിയാക്കാനും പഞ്ചായത്ത് പ്രോജക്ടിൽ പദ്ധതികൾവെക്കാനുമുള്ള നടപടികൾ എടുക്കണമെന്നും നിർദ്ദേശിച്ചു.

തുടർന്നു സി.ഡി.എസ് ചെയർപേർസൺമാർക്കും, അക്കൗണ്ടന്റുമാർക്കും അവരുടെ ഭാഗത്ത് നിന്നുള്ള അഭിപ്രായം പറയാൻ സമയം അനുവദിച്ചു.

- സമാഹൃത രജിസ്റ്റർ പ്രിന്റ് ചെയ്ത് എത്രയും പെട്ടെന്ന് തരണമെന്ന് അരുവിക്കര അക്കൗണ്ടന്റ് പറഞ്ഞു.
- എം.ഐ.എസ് - റിപ്പോർട്ട് എഴുതാനുള്ള പുസ്തകം പ്രിന്റ് ചെയ്ത് തരണം എന്നാവശ്യപ്പെട്ടു.
- ആർ.എസ്.ബി.വൈ - പൈസ കിട്ടിയില്ല എന്ന പ്രശ്നം ഉന്നയിച്ചു.
- ഇന്ററെസ്റ്റ് സബ്സിഡി, സ്കോളർഷിപ്പ് എന്നിവ ലഭിച്ചിട്ടില്ല അതിന് വേണ്ട നടപടികൾ സ്വീകരിക്കണം എന്നാവശ്യം ഉയർന്നുവന്നു.
- എ.ഡി.എസ് ആഡിറ്റ് ചെയ്യുന്നതിന്റെ ഫീസ് കുറക്കണമെന്ന് സി.ഡി.എസ്സിന്റെ ഭാഗത്ത് നിന്ന് ആവശ്യപ്പെട്ടു.

- സി.ഡി.എസ് നൽകിയ പാഥേയം ലിസ്റ്റിൽ തെറ്റുണ്ടെങ്കിൽ അപ്പോൾ തന്നെ ശരിയാക്കാൻ നിർദ്ദേശം നൽകണമായിരുന്നുവെന്ന് സി.ഡി.എസ് ചെയർപേർസൺമാരും, അക്കൗണ്ടന്റുമാരും ആവശ്യപ്പെട്ടു.
- വൈസ് ചെയർപേഴ്സൺമാർക്ക് ഓണറേറിയം നൽകണം എന്ന ആവശ്യം ഉയർന്നു വന്നു.
- ജില്ലാമിഷനിൽ നിന്ന് ഏൽപ്പിക്കുന്ന ജോലികൾക്ക് സമയം അനുവദിക്കണമെന്നും എന്നാൽ നന്നായി ചെയ്തു തീർക്കാൻ കഴിയുമെന്നും പനവൂർ ചെയർപേർസൺ അഭിപ്രായപ്പെട്ടു. അയൽക്കൂട്ട സെക്രട്ടറിമാർക്ക് കണക്കുകൾ ചിട്ടപ്പെടുത്തുന്നതിന് പരിശീലനം വേണമെന്ന് ആവശ്യപ്പെട്ടു. ചെയർപേഴ്സൺമാരുടെ ഓണറേറിയം 3 മാസമായി ലഭിച്ചിട്ടില്ലയെന്ന് പറഞ്ഞു.
- വിവരാവകാശ നിയമം പ്രകാരം സി.ഡി.എസിൽ വിവരാവകാശ ഓഫീസറെ നിയമിക്കുന്നതിനുള്ള ആവശ്യം ഉയർന്നു വന്നു.

ജില്ലാമിഷനിൽ നിന്ന് തയ്യാറാക്കിയ സി.ഡി.എസ് സ്വയം വിലയിരുത്തൽ ഫോർമാറ്റ് പ്രകാരം മാർക്കിട്ടതിൽ നിന്ന് ബെസ്റ്റ് സി.ഡി.എസിനെ തെരഞ്ഞെടുത്തു. കോട്ടുകാൽ സി.ഡി.എസ് 2018 ഫെബ്രുവരി മാസത്തെ ബെസ്റ്റ് സി.ഡി.എസ് ആയി. വർക്കല നഗരസഭയ്ക്ക് രണ്ടാം സ്ഥാനവും ലഭിച്ചു. കോട്ടുകാൽ മൊമന്റോ നൽകി.

**മറ്റ് തീരുമാനങ്ങൾ**

1. ഒരു അയൽക്കൂട്ടത്തിൽ നിന്ന് ഒരു ജെ.എൽ.ജി വേണമെന്ന തീരുമാനം അറിയിച്ചു.

2. ഹാച്ചറി യൂണിറ്റുകൾ ആരംഭിക്കാൻ.

3. കേരള ചിക്കൻ സെന്ററുകൾ തുടങ്ങാൻ.

4. ഒരു സി.ഡി.എസിനു കീഴിൽ ഒരു പ്ലാന്റ് നഴ്സറി.

5. ഒരു പഞ്ചായത്തിൽ ഒരു ജെൻഡർ റിസോഴ്സ് സെന്റർ ആരംഭിക്കണമെന്ന് തീരുമാനിച്ചു.

6. ട്രൈബൽ മേഖലയിൽ നിന്നുള്ള പല സ്ഥലങ്ങളിലായി താമസിക്കുന്നവരുടെ എം.എൽ.പി എടുക്കാൻ തീരുമാനിച്ചു.

7. നാടറിയാൻ നാടിനെ അറിയാൻ എന്ന ബുക്ക് സമർപ്പിക്കാനുള്ളവർ മാർച്ച് 15 നകം തരണമെന്ന്.

8. മൂന്നു മാസത്തിലൊരിക്കൽ പ്രവർത്തനം വിലയിരുത്തി ഏറ്റവും നല്ല സി.ഡി.എസിനെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു.

9. സി.ഡി.എസ്. മീറ്റിംഗ് മിനിട്ട്സ് മൂന്നുദിവസത്തിനകം ജില്ലാമിഷനിൽ അയക്കണം എന്ന് തീരുമാനിച്ചു.

10. ബാലസഭയുടെ വിവരങ്ങൾ രജിസ്റ്ററായി സൂക്ഷിക്കണം.

11. അയൽക്കൂട്ട തെരഞ്ഞെടുപ്പ് നടക്കാനുണ്ടെങ്കിൽ തെരഞ്ഞെടുപ്പ് നടത്തി വിവരം ജില്ലാ മിഷനിൽ നൽകേണ്ടതാണ്. പ്രവർത്തിക്കാത്ത അയൽക്കൂട്ടമാണെങ്കിൽ ആ വിവരം രേഖപ്പെടുത്തുവാനും നിർദ്ദേശിച്ചു.

മൂന്നു മാസത്തിലൊരിക്കൽ ഏറ്റവും നല്ല സി.ഡി.എസിനെ തെരഞ്ഞെടുക്കുന്നതായിരിക്കും എന്ന അറിയിപ്പോടെ യോഗം അവസാനിപ്പിച്ചു.

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

13/3

District Mission Co-ordinator
Kudumbashree District Mission
Pattom Palace P.O
Thiruvananthapuram

OFFICE OF THE DISTRICT MISSION CO-ORDINATOR
L.S.G. Dept.
Govt of KERALA
KUDUMBASHREE, THIRUVANANTHAPURAM